# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3031** **18-10-2016-ൽ മറുപടിയ്ക്ക്**

**<u>പുതിയ നികുതി നിർദ്ദേശങ്ങൾ</u>**

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കൊണ്ടുവന്ന നികുതി നിർദ്ദേശപ്രകാരം നികുതിയിനത്തിൽ ഒരു വർഷം എത്ര രൂപയാണ് പൊതുജനങ്ങൾക്ക് അധികബാധ്യതയായി ഉണ്ടാകുന്നതെന്ന് അറിയിക്കുമോ; | (എ) | MRP രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ഗോതമ്പുത്പന്നങ്ങൾ, ആട്ട, മൈദ, സൂജി, റവ എന്നിവയ്ക്ക് 5 % നികുതി എർപ്പെടുത്തിയതുവഴി 50 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>MRP രേഖപ്പെടുത്തി പാക്കറ്റിലാക്കി വിൽക്കുന്ന ബസ്മതി അരിയുടെ നികുതി നിരക്ക് 5% ആയി ഉയർത്തി. ഇതിലൂടെ 10 കോടി രൂപയുടെ അധിക നികുതി വരുമാനം പ്രതീക്ഷിക്കുന്നു.<br>വെളിച്ചെണ്ണ എന്ന വ്യാജേന മറ്റ് ഭക്ഷ്യ എണ്ണകൾ സംസ്ഥാനത്തേക്ക് കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഇത്തരം എണ്ണകളുടെ വരവിനെ നിയന്ത്രിക്കുവാൻ വെളിച്ചെണ്ണയ്ക്ക് 5% നികുതി എർപ്പെടുത്തി. ഇതുവഴി 150 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.<br>ബ്രാൻഡഡ് റസ്റ്റോറന്റുകൾ പാചകം ചെയ്ത് വിൽക്കുന്ന ബർഗർ, പിസ, ടാക്കോസ്, ഡോനട്സ്, സാൻഡ് വിച്ച്, ബർഗർ-പാറ്റി, പാസ്ത തുടങ്ങിയവയുടെയും, ബ്രഡ് ഫില്ലിംഗുകൾ, മറ്റ് പാകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ എന്നിവയുടെയും മേൽ ഫാറ്റ് ടാക്സ് എന്ന നിലയിൽ 14.5% നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ 10 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| | | | തുണിയുടെ മേലുള്ള നികുതി 2% ആയി ഉയർത്തിയതുവഴി 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. MRP രേഖപ്പെടുത്തി വില്ക്കുന്ന പാക്കറ്റ് ഉല്പന്നങ്ങൾക്ക് നികുതിയുൾപ്പെടെയുള്ള പരമാവധി വിലയാണ് ഈടാക്കുന്നത്. നികുതി വസൂലാക്കുന്നതുകൊണ്ട് വിലയിൽ വർദ്ധനവുണ്ടാകാനിടയില്ല. |
| **(ബി)** | നികുതിയിനത്തിലെ വർദ്ധനവ് പൊതുജനത്തിന്റെ ദൈനംദിന ജീവിതച്ചെലവുകളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | **(ബി)** | MRP എന്നത് നികുതി ഉൾപ്പെടുന്ന വില ആയതിനാൽ ഇതിൽ നൽകിയ നികുതിയിളവ് ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല എന്ന് കണ്ടതിനെത്തുടർന്നാണ് അത്തരം നികുതികൾ പുനഃസ്ഥാപിച്ചിരിക്കുന്നത്. ബ്രാന്റഡ് റസ്റ്റോറന്റുകൾക്കുള്ള നികുതി നിർദ്ദേശം പൊതു ജനത്തിന്റെ ദൈനംദിന ജീവിതച്ചെലവിനെ ബാധിക്കുന്നതല്ല. |
| **(സി)** | നികുതിയിനത്തിലെ വർദ്ധനവ് മൂലം ദൈനംദിന ജീവിതച്ചെലവ് വഹിക്കാൻ കഴിയാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നതിന്റെ കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | **(സി)** | ഇതു സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ.